# Desabhimani
# 27 August 2018
# Aluva, After Flood, Cleaning

## ക്ഷേത്രം ശുചീകരിച്ച് കൊണ്ടോട്ടിസംഘം

**ആലുവ**

മതസൗഹാർദത്തിന് മഹനീയമാതൃക സൃഷ്ടിച്ച് ഇതരമതസ്ഥരായ സന്നദ്ധപ്രവർത്തകർ കിഴക്കേ കടുങ്ങല്ലൂർ ശ്രീ നരസിംഹ സ്വാമി ക്ഷേത്രം ശുചീകരിച്ചു. ബലിപ്പെരുന്നാൾ ആഘോഷം മാറ്റിവച്ച് മലപ്പുറത്തുനിന്നെത്തിയ 'മിഷൻ ഫ്ളഡ് കാരവൻ' എന്ന പേരിലുള്ള 200 അംഗ ദൗത്യസംഘമാണ് ക്ഷേത്രത്തിലും പരിസരത്തും അടിഞ്ഞുകൂടിയ ചളിയും മറ്റു മാലിന്യങ്ങളും നീക്കിയത്. ഡോക്ടർമാർ, ഇലക്ട്രീഷ്യൻമാർ, പ്ലംബർ, വയർമെൻ, മരംവെട്ടുകാർ മുതൽ പാമ്പുപിടിത്തക്കാർവരെ സംഘത്തിലുണ്ടായിരുന്നു. എറണാകുളം, പറവൂർ, ആലുവ മേഖലകളിലായി നിരവധി റോഡുകളും വീടുകളും ശുചീകരിച്ച സംഘം ഞായറാഴ്ച നാട്ടിലേക്ക് മടങ്ങി.